**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** | **10.03.2020 ൽ**
**നിയമസഭാ ചോദ്യം നമ്പർ : 1768** | **മറുപടി നൽകേണ്ടിയിരുന്നത്**

## പോലീസ് ഹൗസിങ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) തമ്പാനൂർ പോലീസ് സ്റ്റേഷൻ നിർമ്മാണത്തിന്റെ കരാർ ആദ്യം പോലീസ് ഹൗസിങ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏൽപ്പിച്ചിരുന്നോ; | എ) ഏൽപ്പിച്ചിരുന്നു. |
| ബി) എങ്കിൽ പിന്നീട് ഈ പ്രവൃത്തി അവരിൽ നിന്ന് എടുത്തുമാറ്റി ഹാബിറ്റാറ്റ് എന്ന സ്വകാര്യ കമ്പനിക്ക് ഒരു കോടിയിലേറെ ഉയർന്ന തുകയ്ക്ക് കൈമാറുകയുണ്ടായോ; എങ്കിൽ മൊത്തം എത്ര കോടി രൂപയ്ക്കാണ് ഈ കരാർ അവർക്ക് മറിച്ച് നൽകിയത്; ഇതുകൂടാതെ പോലീസിന്റെ ഏതൊക്കെ നിർമ്മാണ പ്രവൃത്തികളാണ് പ്രസ്തുത കമ്പനി നേരത്തേ നിർവ്വഹിച്ചിട്ടുള്ളത്; | ബി) ടിഡിയുടെ കൈവശം തിരുവനന്തപുരം തൈക്കാട് വില്ലേജിൽ ഉണ്ടായിരുന്ന 16.2 സെന്റ് സ്ഥലവും അതിൽ ഉണ്ടായിരുന്ന 'വിശ്രാം സങ്കേത്' എന്ന കെട്ടിടവുമുൾപ്പെടെ തമ്പാനൂർ പോലീസ് സ്റ്റേഷൻ, കേരള പോലീസ് ഹൗസിങ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ (കെ.പി.എച്ച്.സി.സി) ആസ്ഥാന മന്ദിരം എന്നിവ നിർമ്മിക്കുന്നതിനായി ഒരു കോടി രൂപ ചെലവിൽ വാങ്ങുന്നതിന് കെ.പി.എച്ച്.സി.സി ക്ക് അനുമതി നൽകിയിരുന്നു. ഇതിൻ പ്രകാരം കെ.പി.എച്ച്.സി.സി പണം കൈമാറുകയും വസ്തു രജിസ്റ്റർ ചെയ്യാനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു. ഈ സമയത്ത് ടിഡിയ്ക്ക് ഭൂമിയിൽ അവകാശമില്ല എന്നു മനസ്സിലാക്കുകയും എന്നാൽ മറ്റൊരു ഉത്തരവിലൂടെ ഇവിടെ തമ്പാനൂർ പോലീസ് സ്റ്റേഷൻ കെട്ടിടം പണിയുന്നതിനുള്ള അനുമതി സർക്കാർ നൽകുകയും ചെയ്തു.<br><br>സംസ്ഥാന പോലീസ് മേധാവിയുടെ 30.12.2016, 06.01.2017 എന്നീ തീയതികളിലെ H7/185740/2016/PHQ |

| | | | |
|---|---|---|---|
| | | | ഉത്തരവ് പ്രകാരം 183.50 ലക്ഷം രൂപ ചെലവിൽ തമ്പാനൂർ പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുവാൻ കെ.പി.എച്ച്.സി.സിയെ ഏൽപ്പിച്ചിരുന്നു. 2014 ലെ Schedule of Rate (SoR) പ്രകാരം, തമ്പാനൂർ പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി കേരള പോലീസ് ഹൗസിങ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ (കെ.പി.എച്ച്.സി.സി) തയ്യാറാക്കിയ പ്രൊപ്പോസൽ പോലീസ് വകുപ്പ് അംഗീകരിച്ച് നൽകിയിട്ടുള്ളതാണ്. എന്നാൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാത്തതിനാൽ, പ്രസ്തുത നിർമ്മാണം കേരള സർക്കാരിന്റെ മറ്റൊരു അക്രഡിറ്റഡ് ഏജൻസിയായ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന് 2016 ലെ SoR പ്രകാരം തയ്യാറാക്കിയ 250.45 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 24.04.2018 ലെ H11/65395/2017/PHQ നമ്പർ വർക്ക് ഓർഡർ പ്രകാരം നിർമ്മാണ ചുമതല ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന് നൽകിയിട്ടുള്ളതും അവർ ടി നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതുമാണ്. |
| സി) | ഇപ്പോൾ ഈ കമ്പനി പോലീസിന്റെ ഏതൊക്കെ നിർമ്മാണ പ്രവൃത്തികളാണ് നടത്തുന്നത്; വിശദാംശങ്ങൾ നൽകുമോ; | സി) | അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| ഡി) | തൊണ്ണൂറ്റി ഒന്ന് ജീവനക്കാരുള്ള പോലീസ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഗുണനിലവാരവും വേഗതയും ഇല്ലെന്ന് കരുതുന്നുണ്ടോ; | ഡി) യും ഇ) യും | ഇല്ല. കെ.പി.എച്ച്.സി.സി യുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ഇ) | എങ്കിൽ ഇതിനെ നവീകരിക്കുന്നതോ അല്ലെങ്കിൽ പ്രവർത്തനം അവസാനിപ്പിക്കുന്നതോ ആയ കാര്യം പരിഗണനയിലുണ്ടോയെന്ന് അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ

അനുബന്ധം

## പോലീസ് വകുപ്പിൽ ഹാബിറ്റാറ്റ് എന്ന സ്വകാര്യ കമ്പനി ഏറ്റെടുത്തിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ

1. തിരുവനന്തപുരം സിറ്റി ജില്ലയിലെ മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ ജനമൈത്രി മീറ്റിംഗ്, സെമിനാർ എന്നിവ നടത്തുന്നതിനുള്ള അഡീഷണൽ ഫെസിലിറ്റേറ്റിന്റെ നിർമ്മാണം, മോഡൽ ജന്റർ ഫ്രണ്ട്‌ലി ഫെസിലിറ്റിയുടെ നിർമ്മാണവും.

2. തിരുവനന്തപുരം സായുധ വിഭാഗം ക്യാമ്പ് പരിസരത്ത് സ്മാർട്ട് സിറ്റിയുമായി ബന്ധപ്പെട്ടുള്ള ട്രാഫിക് സേഫ്റ്റി കൺട്രോൾ കമാന്റ് സെന്റർ കെട്ടിടത്തിന്റെ നിർമ്മാണവും, ഡിസ്ട്രിക് ട്രെയിനിംഗ് സെന്ററിന്റെ നിർമ്മാണവും.

3. വിഴിഞ്ഞം കോസ്റ്റൽ പോലീസ് സ്റ്റേഷനിലേയും സിറ്റി പോലീസ് കാര്യാലയത്തിലേയും റാംപ് & ഡിസേബിൾഡ് ഫ്രണ്ട്‌ലി ടോയ്‌ലറ്റിന്റെ നിർമ്മാണവും.

4. തിരുവനന്തപുരം റൂറൽ ജില്ലയിലെ കിളിമാനൂർ, വിതുര പോലീസ് സ്റ്റേഷനുകളിലെ ചൈൽഡ് ഫ്രണ്ട്‌ലി കെട്ടിടങ്ങളും, ജില്ലാ പോലീസ് മേധാവിയുടെ ഓഫീസ്, ആര്യങ്കോട്, ആറ്റിങ്ങൽ, കടയ്ക്കാവൂർ, പാറശ്ശാല, കാട്ടാക്കട, ചിറയിൻകീഴ്, മംഗലാപുരം, കല്ലമ്പലം, നെയ്യാർ ഡാം, വെള്ളറട എന്നീ പോലീസ് സ്റ്റേഷനുകളിലെ ഡിസേബിൾഡ് ഫ്രണ്ട്‌ലി ടോയ്‌ലറ്റിന്റെ നിർമ്മാണവും.

5. ആലപ്പുഴ ജില്ലയിലെ എടത്വ, പുളിങ്കുന്ന്, രാമങ്കരി എന്നീ പോലീസ് സ്റ്റേഷനുകളുടെ നിർമ്മാണം.

6. കോട്ടയം ജില്ലയിലെ രാമപുരം പോലീസ് സ്റ്റേഷന്റെ നിർമ്മാണം.

7. കൊച്ചി സിറ്റിയിലെ ഇൻഫോപാർക്ക് പോലീസ് സ്റ്റേഷൻ, സൈബർ പോലീസ് സ്റ്റേഷൻ എന്നിവയുടെ നിർമ്മാണ പ്രവർത്തനം.

8. കോഴിക്കോട് റൂറൽ ജില്ലയിലെ വടകര, തൊട്ടിൽപ്പാലം, കുറ്റ്യാടി എന്നീ സ്റ്റേഷനുകളുടെ നിർമ്മാണം പ്രവർത്തനം.

9. വയനാട് ജില്ലയിലെ തൊണ്ടർനാട്, പനമരം, വൈത്തിരി എന്നീ പോലീസ് സ്റ്റേഷനുകളുടെ നിർമ്മാണം, ജില്ലാ കൺട്രോൾ റൂം

നിർമ്മാണം, തിരുനെല്ലി, തലപ്പുഴ പോലീസ് സ്റ്റേഷനുകളുടെ ഫോർട്ടിഫിക്കേഷൻ, തിരുനെല്ലി, പടിഞ്ഞാറേത്തറ, മേപ്പാടി എന്നീ ചൈൽഡ് ഫ്രണ്ട്‌ലി പോലീസ് സ്റ്റേഷനുകളുടെ നവീകരണം, കൽപ്പറ്റ, തിരുനെല്ലി എന്നീ പോലീസ് സ്റ്റേഷനുകളിൽ റാംപ് & ഡിസേബിൾഡ് ഫ്രണ്ട്‌ലി ടോയ്‌ലറ്റ് എന്നിവയുടെ നിർമ്മാണം.

10. കണ്ണൂർ ജില്ലയിലെ പയ്യാവൂർ, ചൊക്ലി എന്നീ പോലീസ് സ്റ്റേഷനുകളുടെ നിർമ്മാണം.

11. സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ചിന്റെ തിരുവനന്തപുരം പട്ടത്തുള്ള ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണച്ചുമതല, സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ചിന്റെ തിരുവനന്തപുരം റേഞ്ച് ഓഫീസിന്റെ നിർമ്മാണം.

12. ട്രാഫിക് സിഗ്നൽ മെയിന്റനൻസ് & മോണിറ്ററിംഗ് സെന്ററിന്റെ നിർമ്മാണം.

13. പോലീസ് ആസ്ഥാനത്തുനിന്നും സംസ്ഥാന പോലീസ് മേധാവിയുടെയും മറ്റ് ഉന്നത ഉദ്യോഗസ്ഥരുടേയും ക്വാർട്ടേഴ്സുകളുടെ നിർമ്മാണം.

14. വനിതാ ബറ്റാലിയനിൽ പമ്പ് സെറ്റ് ഉൾപ്പെടെയുള്ള വാട്ടർടാങ്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ.

സെക്ഷൻ ഓഫീസർ